**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 729** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യമൃഗശല്യം തടയാൻ ഫെൻസിംഗ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി റെയിഞ്ച് ഓഫീസിന്റെ കീഴിൽ വന്യമൃഗശല്യം തടയുന്നതിനായി വനമേഖലയിൽ കിടങ്ങും ഫെൻസിംഗും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി റെയിഞ്ചിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വന്യമൃഗ ശല്യം തടയുന്നതിനായി RKVY, NABARD എന്നീ സ്കീമുകളിലായി സോളാർ ഹാങ്ങിംഗ് ഫെൻസിംഗ്, ആനപ്രതിരോധ കിടങ്ങുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വന്നതിൽ, 3 കി.മീ ആനപ്രതിരോധ കിടങ്ങുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുള്ളതാണ്. സോളാർ ഹാങ്ങിംഗ് ഫെൻസിംഗ് 28.12 കി.മീ സ്ഥാപിക്കുന്നതിനുള്ള നടപടികളിൽ 24.12 കി.മീ പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന 4 കി.മീ 3 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** ഈ പദ്ധതിയുടെ ബജറ്റ് തുകയും പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** കോട്ടയം ഡിവിഷനിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സോളാർ ഹാങ്ങിംഗ് ഫെൻസിംഗിനായി RKVY, NABARD എന്നീ സ്കീമുകളിൽ 341.04 ലക്ഷം രൂപയും ആന പ്രതിരോധകിടങ്ങ് നിർമ്മാണത്തിനായി 73.94 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എരുമേലി റെയിഞ്ചിലെ പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന മഞ്ഞളരുവി-മാമ്പാടി 6 കി.മീ സോളാർ ഹാംഗിങ്ങ് ഫെൻസിംഗ് പ്രവൃത്തിയിൽ 2 കി.മീ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 4 കി.മീ (റീച്ച് – 2) പ്രവൃത്തി പൂർത്തിയാക്കുന്നതിനായി മൂന്നു മാസം കൂടി വേണ്ടി വരും . മറ്റ്

ഫെൻസിംഗ് പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചിട്ടുള്ളതും ഫെൻസിംഗ് പ്രവർത്തനക്ഷമവുമാണ്.

**സെക്ഷൻ ഓഫീസർ**